# സ്വാതന്ത്ര്യത്തിന്റെ മധുരം



"ഉമ്മാ...ഇന്നലെ വാങ്ങിയ ബുക്കെവിടെ?"

കണ്ണാടിയിൽ നിന്ന് കണ്ണെടുക്കാതെ ജസീം ചോദിച്ചു. ചട്ടിയോട് ചട്ടുകമെടുത്തുള്ള യുദ്ധത്തിലാണ് ഉമ്മ സൌദത്ത്.

"അവിടെ നിക്കെടാ ചെക്കാ, എന്താണിത്ര തിരക്ക് നിനക്ക് ? മണി ആറാവുന്നതിന്റെ മുമ്പെ തന്നെ തുടങ്ങും..." ശരിയാവാത്ത ദോശയോടുള്ള ദേഷ്യം പോലെ സൌദത്ത് പിറുപിറുത്ത് കൊണ്ടിരുന്നു.

ജസീമങ്ങനെയാണ്. എല്ലാത്തിനും ഒരു തിടുക്കമാണ്. പാവത്തിന് ഉപ്പയില്ല എന്ന ഒരു കുറവും സൌദത്ത് വരുത്തിയിട്ടില്ല. അങ്ങനെ വരരുതെന്ന് അവർ നിശ്ചയിച്ചുറപ്പിച്ചിരുന്നു.

രണ്ട് വർഷം മുമ്പായിരുന്നു. എല്ലാവരും കൂടെ ഏറ്റുമാനൂരിലെ അമ്മായിയുടെ വീട്ടിലേക്ക് യാത്ര പോയതായിരുന്നു.

# ദീർഘകാല എം.പി

ഏറ്റവും കൂടുതൽകാലം പാർല മെന്റ് അംഗമായിരുന്ന (M.P) വ്യക് തി മണിപ്പൂർ സ്വദേശിയായിരുന്ന റിഷാങ് കെയ്ഷിങ് ആണ്. 1952 മു തൽ 2014 വരെ അദ്ദേഹം എം.പി ആയിരുന്നു.



വഴിമധ്യേ ബൈക്ക് അപകടത്തിൽ പെട്ടു. ഭാഗ്യമെന്നോ നിർഭാഗ്യമെന്നോ ആരെയും കൊണ്ടുപോകാതെ അയാളൊറ്റക്ക് യാത്രയായി... ആർക്കും എത്തിപ്പിടിക്കാനാവാത്ത ദൂരത്തേക്ക്... ആയുസിന്റെ നിയമം ആർക്കും തിരുത്താനാവില്ലല്ലോ...

പുസ്തകസഞ്ചിയിലേക്ക് പൊതിഞ്ഞ പുതിയബുക്ക് കൂടെ കയറ്റിവെച്ച് ജസീം പുറത്തേക്കിറങ്ങി.

"ഉമ്മാ..അസ്സലാ... ലൈക്കും..."

ഭയം നിറഞ്ഞ കണ്ണുകളോടെ സൌദത്ത് അവനെ യാത്രയാക്കി.

"പതുക്കെ പോകണം ട്ടോ.. അവിടേം ഇവിടെം നോക്കിനിൽക്കരുത്.."

എങ്ങനെ ഭയക്കാതിരിക്കും, തുണയായും പ്രതീക്ഷയായും ആകെയുള്ളത് ജസീമൊരാൾ മാത്രമല്ലെ... അകലുന്ന കാൽപാടുകൾ നോക്കി സൌദത്ത് നെടുവീർപ്പിട്ടു.

സൂര്യൻ തലയുയർത്തുന്നതേയുള്ളൂ. ഇരുട്ട് വെളിച്ചത്തിനു മുന്നിൽ കീഴടങ്ങിയിരിക്കുന്നു. ഇടവഴിക്കിരുവശത്തും ശബ്ദങ്ങളുടെ ആഘോഷമാണ്. പൂമ്പാറ്റകളും കുരുവികളും കാക്കകളും എല്ലാവരും ഉണർന്നു കഴിഞ്ഞു.

മദ്രസയിലേക്ക് ഏകദേശം ഒന്നര കിലോമീറ്റർ ദൂരമുണ്ട്. ഇടുങ്ങിയ ഇടവഴി പിന്നിട്ട് മേൽമുറിപ്പാലവും കടന്നാൽ മതി. അതിന്റെ ഇടതുവശത്താണ് ആ പൊളിഞ്ഞുവീഴാറായ മദ്രസ. ജസീമടക്കം പതിനേഴോളം കുട്ടികൾ.

ഉമ്മർഹാജീടെ മക്കളാണ് കാലങ്ങളായി ഈ മദ്രസ നടത്തിപ്പോരുന്നത്. ഓരോരുത്തരും കൈമാറി കൈമാറി ഇന്ന് സൈതലവി ഹാജിയിലെത്തി. എല്ലാവരും അദ്ദേഹത്തെ ഹാജിക്ക എന്നാണ് വിളിക്കാറ്. നെഞ്ചിലെ രോമം മൂടുന്ന നീണ്ട വെള്ളത്താടിയും പിച്ചളപ്പാത്രം പോലെ തിളങ്ങുന്ന മുഖവും, പേരുകേട്ട ധനാഢ്യനും അതുപോലെ ദാനശീലനും.

"ടാ..തൊട്ടാവാടീ... നിൽക്ക് ഞാനൂണ്ട്..." ത്വാഹയാണ്. ഇടവഴിയിലെ വീട്ടിൽ നിന്നും കൈയിലെ ചായവലിച്ചുകുടിച്ച് ഉമ്മയോട് സലാം പറഞ്ഞ് അവനും ഇറങ്ങി.

"തൊട്ടാവാടി". ജസീമിനത് മൂന്നാംതരം പഠിക്കുമ്പോൾ കിട്ടിയ പേരാണ്. കൂട്ടുകാരിപ്പോളും അങ്ങനെതന്നെയാ വിളിക്കാറ്.. തൊട്ടാവാടിച്ചെടി എവിടെ കണ്ടാലും അതി

എവിടെ തകരപ്പെട്ടി? ജസീമിന്റെ ഉപ്പാന്റെ പെട്ടിയായിരുന്നു. ഉപ്പ വിട്ടു പോയതു മുതൽ ആ പെട്ടി ജസീമിന്റേതായി.

ജസീമിന്റേതായ എല്ലാം അതിലാണ്. ഒരു നിമിഷം ചിന്തയെ തലോലിച്ച് തകരപ്പെട്ടി തുറന്ന് വസ്ത്രങ്ങൾക്കിടയിൽ നിന്നാ പണക്കുറ്റിയെടുത്തു. ഉമ്മ പെരുന്നാളിനും മറ്റും തരുന്ന നാണയത്തുട്ടുകൾ കൂട്ടിവെച്ചതാണത്.

ഒരു വിറയൽ... വേണ്ടെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. പക്ഷെ, മീനുകൾ മാടിവിളിച്ചുകൊണ്ടിരുന്നു..

ഏതുവിളിക്കുത്തരം നൽകണമെന്നറിയാതെ അവൻ കുഴങ്ങി. അവസാനം മീനുകൾ വിജയിച്ചു.

ഉമ്മ കാണാതെ പണക്കുറ്റി മനസ്സില്ലാമനസ്സോടെ എറിഞ്ഞുടച്ചു. മാനത്തെ മിന്നലുകൾ പോലെ അവ ചിതറിവീണു. ഇരുകൈകളാലവ പെറുക്കിയെടുക്കുമ്പോഴും മനസ്സുനിറയെ കച്ചവടക്കാരന്റെ ചില്ലുഭരണിയിലെ കല്ലുകൾക്കുമീതെ നീന്തിത്തുടിക്കുന്ന അലങ്കാര മീനുകളായിരുന്നു.

(തുടരും)

● മുബാറക്ക് വാഴക്കാട്

ലൊന്ന് തൊടും. പിന്നെയതെങ്ങനെയാ വിടരുന്നതെന്നും നോക്കി നിൽക്കും. അങ്ങനെയാ ആ പേരു വന്നത്.

ഇളകിയ കല്ലുകളെ തട്ടിത്തെറിപ്പിച്ചും വഴിവക്കിലെ ചെടികൾ നുള്ളിയും അവർ മദ്രസയിലേക്ക് നടന്നു.

പുതിയ പുസ്തകത്തിൽ എന്തെങ്കിലുമെഴുതാൻ ജസീമിന്റെ മനസ്സ് വെമ്പി. മദ്രസയിലെത്തിയപ്പോൾ പൊളിയറ്റ ജനലിലൂടെ ഇളംകാറ്റ് ഓടിക്കളിച്ചു. അപ്പോഴാണ് റോഡിനുമറുകരെ നിൽക്കുന്ന അലങ്കാരമത്സ്യക്കച്ചവടക്കാരനെയും അയാളുടെ ചില്ലുഭരണികളും കണ്ടത്. എന്ത് ചന്തമാണാ മീനുകളെ കാണാൻ ? മിന്നിത്തിളങ്ങുന്ന കല്ലുകൾക്കുമീതെ അവയോടിക്കളിക്കുന്നതുകാണുമ്പോൾ കൊതിവരും. "വാങ്ങണം.." ആരോടെന്നില്ലാതെ ജസീം പറഞ്ഞു.

മദ്രസയിൽ നിന്ന് മടങ്ങവെ ആ കച്ചവടക്കാരനെ മേൽമുറിപ്പാലം വരെ തിരിഞ്ഞുനോക്കിനടന്നു. ആ മീനുകൾ തന്നെ മാടിവിളിക്കുന്ന പോലെ...

ഉമ്മറത്തിരിക്കുന്ന ഉമ്മയുടെ കവിളത്തൊരു മുത്തം കൊടുത്ത് നേരെ ഓടിക്കയറി.

## വൈറ്റൽ കപ്പാസിറ്റി

ശക്തിയായി ശ്വാസം ഉള്ളിലേക്കെടുത്തശേഷം പുറന്തള്ളാൻ കഴിയുന്ന വായുവിന്റെ ഏറ്റവും കൂടിയ അളവാണ് വൈറ്റൽ കപ്പാസിറ്റി. ശ്വാസകോശത്തിന്റെ പ്രവർത്തനക്ഷമത മനസ്സിലാക്കുന്നത് ഇത് നോക്കിയാണ്.

